പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5685 | 5/07/2013 ൽ മറുപടിയ്ക്ക്

## കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ സ്കൂൾ കെട്ടിടങ്ങളുടെ സുരക്ഷിതത്വം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. കെ. ദാസൻ : | | ശ്രീ: പി.കെ. അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) | കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ പ്രീ - കെ.ഇ.ആർ. കെട്ടിടങ്ങൾ നിലനിൽക്കുന്ന എത്ര സർക്കാർ/എയിഡഡ് സ്കൂളുകൾ ഉണ്ട് ; സ്കൂളിന്റെ പേര്, സബ് ജില്ല എന്നിവ വ്യക്തമാക്കുമോ ; | (എ) | പ്രീ- കെ.ഇ.ആർ കെട്ടിടം നിലനിൽക്കുന്ന സർക്കാർ സ്കൂളുകളുടെ എണ്ണം - 6<br>പ്രീ - കെ.ഇ.ആർ കെട്ടിടം നിലനിൽക്കുന്ന എയ്ഡഡ് സ്കൂളുകളുടെ എണ്ണം - 86.<br>വിശദാംശം അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു. |
| ബി) | ഈ കെട്ടിടങ്ങളുടെ സുരക്ഷിതത്വം സർക്കാർ പരിശോധിച്ച് വിലയിരുത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കെട്ടിടങ്ങളുടെ സുരക്ഷിതത്വം ഉറപ്പാക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ ; | (ബി) | കെട്ടിടം പരിശോധിച്ച് സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനായി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| സി) | കൊയിലാണ്ടി മണ്ഡലത്തിലെ സ്കൂൾ കെട്ടിടങ്ങളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസുകളിൽ ലഭിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ഏതെല്ലാം സ്കൂളുകളിലെ കെട്ടിടങ്ങളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റാണ് ലഭിക്കാത്തത് ; | (സി) | കൊയിലാണ്ടി മണ്ഡലത്തിലെ സ്കൂളുകളിൽ നിന്നൊന്നും തന്നെ കെട്ടിടങ്ങളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഉപജില്ലാ/ ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിൽ ഹാജരാക്കിയിട്ടില്ല. സ്കൂൾ കെട്ടിടങ്ങളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് സ്കൂളധികൃതർ തസ്തിക നിർണ്ണയ പ്രൊപ്പോസലിനോടൊപ്പമാണ് ഉപജില്ലാ/ ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിൽ ഹാജരാക്കുന്നത്. സ്കൂളുകളുടെ ലിസ്റ്റ് അനുബന്ധം -2 ആയി ചേർത്തിരിക്കുന്നു. |
| (ഡി) | ഫിറ്റ്നസ് ലഭിച്ചിട്ടില്ലാത്ത സ്കൂൾ കെട്ടിടത്തിന്റെ സുരക്ഷയ്ക്ക് ആരാണുത്തരവാദി എന്നത് വ്യക്തമാക്കാമോ ; | (ഡി) | സ്കൂൾ അധികാരികളും സ്കൂൾ മാനേജരും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമാണ് ഇതിന് ഉത്തരവാദി. |
| (ഇ) | ഇത്തരം സ്കൂളുകളിലെ കെട്ടിട സുരക്ഷ പരിശോധിച്ച് ഉറപ്പുവരുത്താൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ ? | (ഇ) | ആവശ്യമായ നിർദ്ദേശങ്ങൾ ജില്ലാ/ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്ക് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**